(ബി) ഗവണ്മെന്റ് പൊതുവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നം. 9063/ഇ1/99/പൊ.വി. എന്ന ഫയലിൻമേൽ ഇത് സംബന്ധിച്ച എന്ത് നടപടികളാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(സി) നടപടി ഉണ്ടായിട്ടില്ലെങ്കിൽ കാരണമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) കേരള വിദ്യാഭ്യാസ ചട്ടം റൂൾ 56(4) പ്രകാരം പ്രസ്തുത ബ്രേക്ക് കൺഡോൺ ചെയ്യാൻ നിർവാഹമില്ലാത്തതിനാൽ ശ്രീമതി വി.പി. ശാരദയുടെ അപേക്ഷ നിരസിച്ചിട്ടുണ്ട്.

61 (1605) അംഗീകാരം നഷ്ടപ്പെട്ട ബി.എഡ്. കേന്ദ്രങ്ങളിൽ അഡ്മിഷൻ പുനരാരംഭിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. രാഘവൻ :
ശ്രീ. എ. കണാരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എഡ്. സെന്ററുകളുടെ അംഗീകാരം റദ്ദാക്കിയ പ്രശ്നത്തിൽ കേരളത്തിലെ സർവകലാശാലകൾ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കുമോ;

(ബി) അംഗീകാരം നഷ്ടപ്പെട്ട ബി.എഡ്. കേന്ദ്രങ്ങളിൽ ഈ വർഷം അഡ്മിഷൻ പുനരാരംഭിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) എൻ.സി.ടി.ഇ.യുടെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും അംഗീകാരം പുനഃസ്ഥാപിച്ച് കിട്ടുന്നതിന് വീണ്ടും എൻ.സി.ടി.ഇ. യെ സമീപിക്കുന്നതിനുമുള്ള നടപടികൾ സർവ്വകലാശാലകൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ വർഷംതന്നെ ക്ളാസുകൾ ആരംഭിക്കാൻ എൻ.സി.ടി.ഇ. യുടെ അനുമതിക്കായി സർവ്വകലാശാലകളും ഗവണ്മെന്റും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

62 (1606) പ്രീ-ഡിഗ്രി വേർപ്പെടുത്തലിന്റെ ഗുണഫലം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി വേർപ്പെടുത്തലിനുശേഷം അതിന്റെ ഗുണഫലം ഗവണ്മെന്റ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേരളത്തിൽ യോഗ്യതയുള്ള എല്ലാ കുട്ടികളേയും ഉൾക്കൊള്ളാൻ കഴിയുന്നവിധത്തിൽ പ്ളസ് ടൂ നിലവിൽ വന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കൂടുതൽ സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ പ്രീ-ഡിഗ്രി വേർപ്പെടുത്തിയപ്പോൾ നഷ്ടമായ സീറ്റുകളേക്കാൾ കൂടുതൽ സീറ്റുകൾ ഹയർ സെക്കണ്ടറിയിൽ അനുവദിച്ചിട്ടുണ്ട്.

(സി) സുപ്രീം കോടതിയിൽ ഒരു കേസ് നിലനിൽക്കുന്നതിനാൽ ഈ അദ്ധ്യയനവർഷത്തിൽ കൂടുതൽ പ്ലസ് ടു കോഴ്സ് അനുവദിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

63 (1607) പ്രീ-ഡിഗ്രി വേർപെടുത്തൽ നയം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-ഡിഗ്രി കോളേജുകളിൽ നിന്നും വേർപ്പെടുത്തുന്ന നയം പൂർണ്ണമായും നടപ്പിലാക്കുവാൻ എപ്പോൾ സാധിക്കുമെന്നാണ് ഇപ്പോൾ ഗവണ്മെന്റ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രീ-ഡിഗ്രി കോളേജിൽനിന്നും മാറ്റുന്ന നടപടി 3 വർഷം കൊണ്ട് പൂർത്തിയാക്കുവാനുള്ള ഗവണ്മെന്റ് തീരുമാനം മാറ്റുവാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2000-2001 അദ്ധ്യയനവർഷത്തോടെ പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 1997-ലെ പ്രീ-ഡിഗ്രി (അബോളിഷൻ) ആക്ടിൽ പ്രീ-ഡിഗ്രി വേർപ്പെടുത്തൽ പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടില്ല.

64 (1608) സർവ്വകലാശാല നിയമനങ്ങളിലെ സംവരണം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കാത്തതിനെക്കുറിച്ച് അക്കൗണ്ടന്റ് ജനറൽ നൽകിയ പരാമർശങ്ങളും നിർദ്ദേശങ്ങളും എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly